മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 11

## വാർത്താക്കുറിപ്പ്

---

# രാജ്യാന്തര ശിൽപ്പശാല നാളെ മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്യുറോപ്പതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര ശിൽപ്പശാല നാളെ(ഒക്ടോബർ 13) ആരംഭിക്കും. യോഗ, വ്യായാമം, നൃത്തം, സംഗീതം എന്നിവയിലെ അംഗചലനങ്ങളുടെ ശാസ്ത്രീയ അപഗ്രഥനം സംബന്ധിച്ച ശിൽപ്പശാല നാളെ രാവിലെ 10ന് സ്‌കൂൾ ഓഫ് ബിഹേവിയറൽസയൻസസ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാന്‌സലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ അധ്യക്ഷത വഹിക്കും. കൊളംബോയിലെ വിഷ്വൽ ആന്റ് പെർഫോമിംഗ് ആർട്‌സ് സർവകലാശാലയിലെ അധ്യാപിക ഡോ. അഞ്ജലി മിശ്ര മുഖ്യ പ്രഭാഷണം നടത്തും.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി. ഹരികൃഷ്ണൻ, ഡോ. എം.എച്ച്. ഇല്യാസ്, സെന്റർ ഫോർ യോഗ ആന്റ് നാച്യുറോപ്പതി ഡയറക്ടർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. കെ.കെ. ഷിജു എന്നിവർ സംസാരിക്കും. 14ന് ഉച്ചകഴിഞ്ഞ് മൂന്നിനാണ് സമാപന സമ്മേളനം.

സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്‌പോർട്‌സ് സയൻസസ്, ഇന്റർ യൂണിവേഴ്‌സിറ്റി സൈന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്, ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

(പി.ആർ.ഒ./39/1442/2022)

## പരീക്ഷാ ഫലം

ഈ വർഷം ജനവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, പോളിമെർ കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി പരീക്ഷകളുടെ (സി.എസ്.എസ് 2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ റീ അപ്പിയറൻസ്) ഫലം പ്രസിദ്ധീകരിച്ചു. എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 10വരെയും മറ്റുള്ളവയ്ക്ക് ഒക്ടോബർ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1443/2022)

## രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ബിരുദ - ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഏകജാലകം വഴിയുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനിൽ ഫീസ് അടച്ച് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യതാ രേഖകളുടെ അസ്സൽ സഹിതം ഒക്ടോബര് 14ന് വൈകുന്നേരം നാലിനു മുൻപ് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിലെത്തി പ്രവേശനം നേടണം.

നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

(പി.ആർ.ഒ./39/1444/2022)

## ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

ബിരുദാനന്തര ബിരുദ, ബി.എഡ് കോഴ്സുകളുടെ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷമുള്ള ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങി. ഇന്ന്(ഒക്ടോബർ 12) വൈകുന്നേരം നാലുവരെ രജിസ്റ്റർ ചെയ്യാം.

ഇതിനുശേഷം സർവകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നിലവിലുള്ള ഒഴിവുകളിലേക്കും തുടർ ഒഴിവുകളിലേക്കും കോളേജുകൾക്ക് ഒക്ടോബർ 13 മുതല് 15വരെ പ്രവേശനം നടത്താം.

ഇതേ നടപടിക്രമങ്ങൾ പാലിച്ച് വിദ്യാർഥികൾക്ക് ഒക്ടോബർ 17,18 തീയതികളിൽ വീണ്ടും അപേക്ഷിക്കുന്നതിന് അവസരം ലഭിക്കും. ഈ അപേക്ഷകൾ പരിഗണിച്ച് തയ്യാൽ പ്രവേശനം നടത്താം.

(പി.ആര്.ഒ./39/1445/2022)

## വാക്ക് ഇൻ ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ് തസ്തികയിൽ (ഈഴവ/ ബില്ലവ/തീയ്യ) ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള വാക് ഇൻ ഇന്റർവ്യൂ ഒക്ടോബര് 17ന് നടക്കും.

ബി.എസ്.സി എം.എൽ.ടി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രവൃത്തിപരിചയം അഭിലഷണീയം. പ്രതിമാസ വേതനം ഇരുപതിനായിരം രൂപ. പ്രായപരിധി 2022 ജനുവരി ഒന്നിന് 18 വയസിനു മുകളിലും 39 വയസിനു താഴെയും.

താത്പര്യമുള്ളവർ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, പ്രായം, വിദ്യാഭ്യാസ യോഗ്യത(കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ) പ്രവൃത്തിപരിചയം, കാറ്റഗറി, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 17ന് രാവിലെ 10.30ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഹാജരാകണം.

(പി.ആർ.ഒ./39/1446/2022)

## അപേക്ഷാ തീയതി പുനഃ ക്രമീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്നവർക്കുള്ള പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക്(ഒക്ടോബർ 2022) അപേക്ഷിക്കുന്നതിനുള്ള സമയ പരിധി പുനഃക്രമീകരിച്ചു. പിഴയില്ലാതെ ഒക്ടോബർ 13 വരെയും പിഴയോടുകൂടി 15 വരെയും സൂപ്പർ ഫൈനോടു കൂടി 17 വരെയും അപേക്ഷിക്കാം. അപേക്ഷയുടെ പ്രിൻൌട്ട് ഒക്ടോബര് 18ന് മുൻപ് സർവകലാശാലയിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/1447/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**